بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 07.11.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*07.11.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല. കാരണം ദൈവസൃഷ്ടികളോടുള്ള സഹതാപത്തിന്റേയും സൽപെരുമാറ്റത്തിന്റേയും വലിയ ഒരു ഭാഗമായി പറയുന്നത് സമ്പത്ത് ചെലവഴിക്കേണ്ടതിന്റെ അത്യാവശ്യമാണ്.**

തശ്ശഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അയ്യദുല്ലാഹു തആല ബിനസിരിഹിൽ അസീസ് സൂറ ആലു ഇംറാനിലെ 93-ാമത്തെ വചനം തിലാവത്തു ചെയ്തുകൊണ്ടാണ് ഖുത്ബ ആരംഭിച്ചത്.

ആ വചനം ഇപ്രകാരമാണ്:

لَنۡ تَنَالُوا الۡبِرَّ حَتّٰی تُنۡفِقُوۡا مِمَّا تُحِبُّوۡنَ ۬ؕ وَ مَا تُنۡفِقُوۡا مِنۡ شَیۡءٍ فَاِنَّ اللّٰہَ بِہٖ عَلِیۡمٌ ﴿۹۳﴾

നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.(3:93)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ സംബന്ധിച്ച് പറയുന്നു: 'ലോകത്ത് മനുഷ്യൻ ധനത്തെ വളരെയധികം സ്നേഹിക്കുന്നു. അതുകൊണ്ടാണ് സ്വപ്ന വ്യാഖ്യാന ശാസ്ത്രത്തിൽ ഒരാൾ കരൾ പറിച്ച് നല്കുന്നതായി സ്വപ്നംകണ്ടാൽ അതിന്നർഥം ധനമാണ് എന്നെഴുതിയിരിക്കുന്നത്. ഇക്കാരണത്താൽ തഖ്വയും ഈമാനും കരസ്ഥമാക്കാൻവേണ്ടി പറഞ്ഞു:

لَنۡ تَنَالُوا الۡبِرَّ حَتّٰی تُنۡفِقُوۡا مِمَّا تُحِبُّوۡنَ ۬ؕ وَ مَا تُنۡفِقُوۡا مِنۡ شَیۡءٍ فَاِنَّ اللّٰہَ بِہٖ عَلِیۡمٌ ﴿۹۳﴾

നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല. കാരണം ദൈവസൃഷ്ടികളോടുള്ള സഹതാപത്തിന്റേയും സൽപെരുമാറ്റത്തിന്റേയും വലിയ ഒരു ഭാഗമായി പറയുന്നത് സമ്പത്ത് ചെലവഴിക്കേണ്ടതിന്റെ അത്യാവശ്യമാണ്. മനുഷ്യൻ ത്യാഗം ചെയ്യാത്തിടത്തോളം മറ്റുള്ളവർക്ക് എങ്ങനെ അവൻ ഗുണം ചെയ്യാനാണ്? മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നതിനും അവരോട് സഹതാപപരമായി പെരുമാറുന്നതിനും ത്യാഗം അത്യാവശ്യ ഘടകമാണ്.

لَنۡ تَنَالُوا الۡبِرَّ حَتّٰی تُنۡفِقُوۡا مِمَّا تُحِبُّوۡنَ ۬ؕ എന്ന വചനത്തിൽ ഈ ത്യാഗത്തിന്റെ പാഠവും നിർദേശവുമാണ് നല്കപ്പെട്ടിട്ടുള്ളത്.

അല്ലാഹുവിന്റെ വഴിയിൽ ചെലവാക്കുക എന്നത് മനുഷ്യന്റെ ഭാഗ്യവും തഖ്വയുടെ അടയാളത്തിന്റെ നിലയും ഉരകല്ലുമാണ്. അബൂബക്കർ (റ)ന്റെ ജീവിതത്തിൽ അല്ലാഹുവിനുവേണ്ടിയുള്ള വഖ്ഫിന്റെ നിലവാരവും ഉരകല്ലും എന്തായിരുന്നുവെന്നാൽ, നബി(സ)തിരുമേനി ഒരു ആവശ്യം പറഞ്ഞു, അദ്ദേഹം വീട്ടിലുള്ള സകല വസ്തുക്കളുമായി ഹാജരായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനുള്ള തൗഫീഖ് നമുക്ക് നല്കി എന്നത് അല്ലാഹുവിന്റെ നമ്മുടെമേലുള്ള ഔദാര്യമാണ്. ആ മഹാത്മാവ് നമ്മുടെ വിശ്വാസപരവും കർമപരവുമായ പരിഷ്കരണം അല്ലാഹുവിന്റെ കല്പനകളും അവൻ നല്കിയിട്ടുള്ള അധ്യാപനവും അനുസരിച്ച് ചെയ്തതോടൊപ്പം തന്നെ ആത്മീയമായ അഭിവൃദ്ധിയ്ക്കും പരിശുദ്ധിക്കും ഖുർആൻ അനുസരിച്ചുള്ള രീതികളും പഠിപ്പിച്ചു. അല്ലാഹുവിനോടുള്ള കടമനിറവേറ്റാനും പറഞ്ഞു. സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും പറഞ്ഞു. ജീവനേയും മുതലിനേയും സമയത്തേയും മക്കളേയുമെല്ലാം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ത്യാഗം ചെയ്യാനുള്ള ആത്മാവും നമ്മിലുണ്ടാക്കി. തന്റെ ജമാത്തിലെ ഓരോ അംഗങ്ങളിൽനിന്നും ആ മഹാത്മാവ് പ്രതീക്ഷിച്ചത് അവർ തങ്ങളുടെ അവസ്ഥകളെ തികവാർന്ന നിലയിൽ അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് ആക്കണമെന്നും യഥാർഥ അഹ്മദി എന്ന് പറയപ്പെടണമെന്നുമായിരുന്നു. അതുകൊണ്ട് നമ്മുടെ ജീവിതത്തെ ആ മഹാത്മാവിന്റെ പ്രതീക്ഷയും ആഗ്രഹവുമനുസരിച്ച് വാർത്തെടുക്കാൻ ശ്രമിക്കേണ്ടതാണ്. ആദ്യം ഓതിയ ആയത്തിന്റെ വിശദീകരണമെന്ന നിലയിൽ ഞാൻ വായിച്ച ആ മഹാത്മാവിന്റെ ഉദ്ധരണി, ഞാൻ പറഞ്ഞതുപോലെ അതിൽ അല്ലാഹു നമ്മോടു നമ്മുടെ ആത്മായാഭിവൃദ്ധിയിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. അത് ഒരു സത്യവിശ്വാസിയുടെ ഉത്തരവാദങ്ങളിൽപ്പെട്ട ഒരു ഉത്തരവാദത്തിലേക്കാണ് ക്ഷണിക്കുന്നത്. അതായത് സാമ്പത്തിക ത്യാഗം. ഇതിൽ ഈ വിശദമായ വിഷയമാണുള്ളതെങ്കിലും ഈ സമയത്ത് സാമ്പത്തിക ത്യാഗത്തെ സംബന്ധിച്ച്, 'ധനത്യാഗവും അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമ നിറവേറ്റാനുള്ള വളരെ വലിയ മാർഗമാണ്' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ധനത്യാഗത്തിന്റെ വശം ഞാൻ വിവരിക്കുന്നതാണ്. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിനും ദീനിന്റെ പ്രചാരണപ്രവർത്തനത്തിനും ധനത്യഗത്തിന്റെ ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയുടെ സത്താണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഈ പ്രവർത്തനം അതിന്റെ പാരമ്യതയിൽ എത്തിയിരുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകാൻ ഇന്ന് ആ പ്രവർത്തനം പൂർണതയിലെത്തിക്കുന്നതിനുവേണ്ടി ഭാഗഭാക്കായിക്കൊണ്ടിരിക്കുന്ന ഭാഗ്യവാന്മാരിൽ അഹ്മദികളായ നമ്മൾ ഉൾപ്പെട്ടിരിക്കുന്നു. ഇന്ന് ധനത്തോടുള്ള ആർത്തിയിൽ ലോകം എന്തൊക്കെയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നറിയില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനത്തിന്റേയും ശിക്ഷണത്തിന്റേയും സ്വാധീനഫലമായി അഹ്മദിയ്യത്തിലെ വലിയൊരു വിഭാഗം, ഭൂരിപക്ഷവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി നബി(സ)തിരുമേനി കൊണ്ടുവന്ന ദീനിന്റെ പ്രചാരണത്തിനുവേണ്ടി തങ്ങൾ ഇഷ്ടപ്പെട്ട ധനത്തിൽ നിന്ന് ചെലവഴിക്കുന്നു. ഈ ചെലവഴിക്കുന്ന ധനത്തിൽ എപ്പോഴെങ്കിലും കുറവുവന്നാൽ അവർ അസ്വസ്ഥരാകുകയും കരയുകയും ചെയ്യുന്നു. ജമാഅത്തംഗങ്ങളുടെ റൂഹ് ഇതാണ്. ധനത്യാഗത്തിന്റെ പ്രാധാന്യമെന്താണ്? എന്തെന്തെല്ലാം പ്രവർത്തനങ്ങളാണ്? ഇത് ജനങ്ങൾക്ക് വ്യക്തമായിക്കഴിയുമ്പോൾ, അവർ സദാ ത്യാഗത്തിന് തയ്യാറാകുന്നു. അതിനാൽ ബലഹീനത ഉണ്ടെങ്കിൽ നിസാം അഥവാ ഏർപാടുകളിലാണുള്ളത്. ജനങ്ങളുടെ ഈമാനിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു ബലഹീനതയുമില്ല.

ഇക്കാലഘട്ടത്തിലും ജനഹൃദയങ്ങളെ ത്യാഗത്തിന്റെ റൂഹ് ഉണ്ടാക്കാൻ അല്ലാഹു പ്രേരിപ്പിക്കുന്നു എന്നതിനുള്ള ചില സംഭവങ്ങൾ ഞാൻ ഇപ്പോൾ വിവരിക്കുന്നതാണ്.

ബെനിനിലെ അമീർ സാഹിബ് എഴുതുന്നു: 'പോർത്തോനോ ദോയിലെ ഒരു പ്രസിദ്ധ അഹ്മദിയാണ് മശുഹൂദി സാഹിബ്. അദ്ദേഹം ആയിരം പൗണ്ടിലധികം ത്യാഗം ചെയ്തു. ഇപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ ഇത്ര വലിയ ത്യാഗം വളരെ വലിയ കാര്യമാണ്. താങ്കൾ അധികമാണ് നല്കികൊണ്ടിരിക്കുന്നത്, വഖ്ഫെജദീദിന്റേയും ചന്ദയുണ്ട്, മറ്റു ചന്ദകളുമുണ്ട് എന്നൊക്കെ മുബല്ലിഗ് സാഹിബ് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: അതൊക്കെ ഉണ്ടെന്നുള്ളതിൽ സംശയമില്ല. പക്ഷേ, ഇതിൽ ഞാൻ കുറവു വരുത്തുകയില്ല.' അല്ലാഹു അദ്ദേഹത്തിന് വേറെ മാർഗം ഉണ്ടാക്കുന്നതാണ്. ഈ റൂഹാണ് ഇക്കൂട്ടരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പിന്നീട് ബെനിനിൽനിന്ന് നമ്മുടെ മുബല്ലിഗ് സാഹിബ് എഴുതുന്നു: സാവേ റീജ്യണിലെ ഒരു പുതിയ ജമാഅത്തായ പീളിൽ തർബിയ്യത്തി മീറ്റിംഗ് സംഘടിപ്പിക്കപ്പെട്ടു. അപ്പോൾ തഹ്‌രീക്കെ ജദീദിന്റെ ചരിത്രപശ്ചാത്തലം വിവരിക്കപ്പെടുകയുണ്ടായി. ധനത്യാഗത്തെ കുറിച്ച് പറഞ്ഞു. മീറ്റിംഗിന്റെ അവസാനം സ്നേഹിതന്മാർ അവരവരുടെ ചന്ദ നല്കി. ഒരു സ്നേഹിതൻ ചോദിച്ചു: 'എന്റെ കൈയിൽ പണമൊന്നുമില്ല. പക്ഷേ, ചന്ദ കൊടുക്കണമെന്ന ആഗ്രഹമുണ്ട്.'അപ്പോൾ അവിടത്തെ തദ്ദേശ മുബല്ലിഗ് പറഞ്ഞു:'എന്തൊന്നാണോ താങ്കളുടെ കൈയിലുള്ളത് അത് നല്കുക.' അതു കേട്ടപാടെ ആ സ്നേഹിതൻ വീട്ടിലേക്ക് പോയി. അങ്ങേയറ്റം ദരിദ്രനായിരുന്നു. രണ്ടു കോഴിമുട്ട കൊണ്ടുവന്ന് ഇപ്പോൾ തന്റെ കൈയിൽ ഇതുമാത്രമേ ഉള്ളു എന്ന് പറഞ്ഞ് നല്കി. അദ്ദേഹത്തിനോടും ജമാഅത്തിനോടും പറയപ്പെട്ടു: 'ഇത് അദ്ദേഹത്തിന്റെ കഴിവനുസരിച്ച് വളരെ വലിയ ത്യാഗമാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു ത്യാഗവും ചെറുതല്ല. നിയ്യത്ത് ശുദ്ധമായിരിക്കേണ്ടതാണ്.'

മാലിയുടെ ഒരു റിപ്പോർട്ടുണ്ട്. ഒരു പഴയകാല അഹ്മദി അബൂബക്കർ ജാറെ സാഹിബ് എന്തോ കാരണത്താൽ ചന്ദ കൊടുക്കുന്നത് നിറുത്തിക്കളഞ്ഞിരുന്നു. മെല്ലെമെല്ലെ ജമാഅത്തിന്റെ പരിപാടികളിൽ വരവും ഇല്ലാതായി. അദ്ദേഹത്തിന് ഒരുപാട് മനസ്സിലാക്കിക്കൊടുത്തുവെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. കുറച്ചുനാളുകൾക്കുശേഷം അദ്ദേഹം ഒരു ദിവസം മിഷൻഹൗസിൽ വന്നു. തന്റെ ചന്ദ കൊടുത്തു. എന്നിട്ട് പറഞ്ഞു: 'ഇന്ന് രാത്രി അദ്ദേഹം സ്വപ്നം കണ്ടു. വലിയ ആഴമുള്ള വെള്ളത്തിൽ അദ്ദേഹം മുങ്ങി താഴുന്നു. അദ്ദേഹത്തെ സഹായിക്കാൻ ആരും വരുന്നില്ല. അപ്പോൾ അദ്ദേഹം ഒരു വഞ്ചി കാണുകയായി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സഞ്ചരിക്കുന്നു. ഹുദൂർ(അ) അദ്ദേഹത്തിന്റെ കൈ പിടിച്ചു വഞ്ചിയിൽ തന്നോടൊപ്പം ഇരുത്തി. എന്നിട്ട് പറഞ്ഞു,'ഇനി ഒരിക്കലും ചന്ദ കൊടുക്കുന്നതിൽ മടി കാണിക്കരുത്.' ഈ സ്വപ്നത്തിനുശേഷം 'ഇനി ഒരിക്കലും ചന്ദ കൊടുക്കുന്നതിൽ മടി കാണിക്കുകയോ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അലസത കാണിക്കുകയോ ചെയ്യുകയില്ലെന്ന്' അദ്ദേഹം ജമാഅത്തിന് ഉറച്ച വാഗ്ദാനം നല്കി.

ഇവിടെ ചന്ദയുടെ പ്രാധാന്യത്തിന്റെ തെളിവെന്നപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവും കൂടിയാണിത്. അതായത് വളരെ വിദൂരത്തുള്ള ഒരു രാജ്യത്ത്, ആ രാജ്യത്തിലെ വിദൂരമായ ഒരു പ്രദേശത്ത് ഒരാൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നു. പിന്നീട് പിന്നാക്കം പോകുന്നു. പിന്നീട് അദ്ദേഹത്തിന് സ്വപ്നത്തിലൂടെ മാർഗനിർദേശം നല്കപ്പെടുന്നു.

തൻസാനിയായിലെ ദാറുസ്സലാമിലെ ഒരു അഹ്മദി സുഹൃത്ത് ഈസാ സാഹിബ് പറയുന്നു: അദ്ദേഹം 1990 ന്റെ ദശകത്തിലാണ് ബയ്അത്ത് ചെയ്തത്. അതിനമുമ്പേ അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു. പക്ഷേ, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഈമാനിൽ ഒരളവോളം അഭിവൃദ്ധിപ്പെട്ടു. ഇപ്പോൾ മാശാഅല്ലാഹ് മൂസിയുമാണ്. ധനത്യാഗം ചെയ്യുന്ന വ്യക്തിയുമാണ്. എപ്പോഴും തന്റേയും തന്റെ കുടുംബത്തിന്റേയും ചന്ദ വാഗ്ദാനത്തെക്കാളധികം കൊടുക്കുന്നു. ജമാഅത്തിന്റെ അധ്യാപനങ്ങൾ നടപ്പാക്കുന്നതിൽ പഴയകാല അഹ്മദികളെക്കാൾ വളരെ മുമ്പിലാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തൻസാനിയാ ദാറുസ്സലാം റീജ്യണൽ പ്രസിഡന്റാണ്. അദ്ദേഹം പറയുന്നു: 'ഞാൻ അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്യാൻ തുടങ്ങിയപ്പോൾ മുതൽ അല്ലാഹുവിന്റെ ഒരുപാട് അനുഗ്രഹങ്ങൾ എന്റെമേൽ ഇറങ്ങുന്നത് കണ്ടിട്ടുണ്ട്.'

ഇപ്രകാരംതന്നെ അലാഡ റീജ്യന്റെ മുബല്ലിഗ് സാഹിബ് പറയുന്നു: ഒരിക്കൽ സോയോ ജമാഅത്തിൽ പര്യടനത്തിനായി പോയി. ഏഴുവയസ്സുള്ള ഒരു പെൺകുട്ടി റാശിദ തക്കാളിയും പച്ചമുളകും മാൽട്ട(പ്രസിദ്ധമായ ഒരു തരം പഴം)യും കൊണ്ടു വന്നിട്ട് ഇതെല്ലാം തഹ്‌രീക്കെ ജദീദിലേക്കുള്ള ചന്ദയാണെന്ന് പറഞ്ഞു. കുട്ടികളുടെ മനസ്സിലും അല്ലാഹു ഓരോ കാര്യങ്ങൾ ഇടുന്നതെങ്ങനെ എന്ന് നോക്കുക! അവിടത്തെ സ്വദർ സാഹിബ് പറയുന്നു: 'ഈ കുട്ടി എല്ലാ മാസവും ചന്ദ കൊടുക്കാറുണ്ട്. ഉമ്മ പൈസ കൊടുത്തില്ലെങ്കിൽ അവൾ കരയുകയും ചെയ്യും.'

നൈജീരിയായിലെ ഓക്കീനെ ജമാഅത്തിന്റെ സ്വദർ പറയുന്നു: 'ഈ സാധു കുറച്ചുനാൾ സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്നു. ഇക്കാരണത്താൽ ഒരുപാട് വിഷമങ്ങളുണ്ടായി. പിന്നീട് ഒരു ദിവസം മൂന്നുമാസത്തെ ചന്ദ കൊടുത്തില്ലെന്ന കാര്യം ഓർമവന്നു. ഇക്കാരണത്താലാണോ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളതെന്ന് ചിന്തിച്ചു. മൂന്നു മാസത്തിനുശേഷം 4000 നായിറ ഞാൻ ചന്ദ നല്കി. അല്ലാഹുവിന്റെ പ്രവർത്തിനോക്കുക, അതേ മാസം ഈ സാധു ഒരു ഖണ്ഡം സ്ഥലം വിറ്റു. അതിൽ എന്റെ യജമാനനായ അല്ലാഹു 8 ലക്ഷം നായിറ എനിക്ക് ലാഭം തന്നു. ആ നേരത്ത് എന്റെ ഈമാനിന് ശക്തി ലഭിച്ചതോടൊപ്പം അല്ലാഹു തന്റെ വാഗ്ദാനത്തിൽ എത്രമാത്രം സത്യവാനാണെന്നും മനസ്സിലായി.' അവന്റെ വഴിയിൽ ത്യാഗം ചെയ്യുകയാണെങ്കിൽ തീർച്ചയായും അവൻ പല ഇരട്ടിയാക്കി അത് നിങ്ങൾക്ക് തിരിച്ചു തരുന്നതാണ്. ഇപ്പോൾ അദ്ദേഹം മസ്ജിദിനും മിഷൻഹൗസിനും വേണ്ടി വലിയൊരു പ്ലോട്ടും നഗരത്തിൽ വാങ്ങി നല്കിയിട്ടുണ്ട്.

തൻസാനിയായിൽ നിന്ന് ഒരു അഹ്മദി മാറോണ്ട സാഹിബ് എഴുതുന്നു: 'എന്റെ വിദ്യാഭ്യാസം മെട്രിക്കാണ്. കുറേകാലമായി തൊഴിലൊന്നുമുണ്ടായിരുന്നില്ല. എനിക്ക് ഒരു ഗ്യാസ് കമ്പനിയിൽ സെക്യൂരിറ്റി ഗാർഡിന്റെ ജോലി കിട്ടി. അമ്പത്താറായിരം ഷെല്ലിംഗ് ശമ്പളം നിശ്ചയിക്കപ്പെട്ടു. എന്തൊക്കെ പ്രശ്നങ്ങൾ എനിക്കുണ്ടായാലും ഞാൻ എന്റെ ശംബളത്തിൽനിന്ന് തോതനുസരിച്ച് ചന്ദ നല്കുന്നതാണെന്നും ചന്ദയിൽ മടികാണിക്കുകയില്ലെന്നും അപ്പോൾതന്നെ അല്ലാഹുവിനോട് വാഗ്ദാനം ചെയ്തു.' അങ്ങനെ ഈ ഖാദിം തന്റെ വാഗ്ദാനം നിറവേറ്റി. അദ്ദേഹം പറയുന്നു: 'ഞാൻ ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതേ സാമ്പത്തിക ത്യാഗത്തിന്റെ ഫലമായി അതേ ഗ്യാസ് കമ്പനിയിൽ സീനിയർ ഫീൽഡ് ഗ്യാസ് ഓപ്പറേറ്റർ എന്ന തസ്തികയിൽ നിയമിതനാണ്. എനിക്ക് ഒന്നരമില്യൻ ഷെല്ലിംഗ് ശംബളം ലഭിക്കുന്നു. എന്റെ വിദ്യാഭ്യാസം പത്താം ക്ലാസ് പാസാണ്. കമ്പനിയുടെ നിയമങ്ങളനുസരിച്ച് ഈ തസ്തികയ്ക്ക് അർഹനുമല്ല. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹമൊന്നുകൊണ്ടുമാത്രം, തോതനുസരിച്ചുള്ള സാമ്പത്തിക ത്യാഗത്തിന്റെ അനുഗ്രഹമൊന്നുകൊണ്ടു

മാത്രമാണ് ഞാൻ ആ ഉദ്യോഗത്തിലിരിക്കുന്നത്. ഇന്നും തോതനുസരിച്ച് ചന്ദ കൊടുക്കുന്നു.' ഇക്കൂട്ടർ ആത്മാർഥതയിലും കൂറിലും അഭിവൃദ്ധിപ്പെടുകയാണ്. **വഅൻഫിഖൂ ഖയ്റല്ലി അൻഫുസിക്കും** സ്വന്തം ധനം അവന്റെ വഴിയിൽ ചെലവഴിച്ചുകൊണ്ടിരുന്നാൽ അത് നിങ്ങളുടെ ആത്മാവിന് ഗുണകരമാണ്. ഈ വിഷയത്തെ മനസ്സിലാക്കുന്നവരാണവർ. ഇതിന്റെ രഹസ്യം മനസ്സിലാക്കുന്നവരാണ്. അല്ലാഹു വീണ്ടും അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ ഇൻസ്പെക്ടർ തഹ്‌രീക്കെ ജദീദ് ശിഹാബുദ്ദീൻ സാഹിബ് എഴുതുന്നു:'ജഡ്ചർലയിലെ സ്വഫ്ഫെ അവ്വലിലെ ഒരു സാഹിബുണ്ട്. അദ്ദേഹത്തിന് റിയൽഎസ്റ്റേറ്റിന്റെ ജോലിയായിരുന്നു. അദ്ദേഹത്തിന്റെ തൊഴിലിനെ ദോഷം ബാധിച്ചു. മാസങ്ങളോളം വിഷമത്തിലായിരുന്നു. ചന്ദ അടച്ചുതീർക്കാൻ തൗഫീഖ് കിട്ടുന്നതിനായി ഫോണിലൂടെ ദുആക്കും അപേക്ഷിക്കാറുണ്ടായിരുന്നു. എനിക്കും അദ്ദേഹം എഴുതിയിരുന്നു.

അദ്ദേഹമെഴുതി: 'താൻ ഉടനെ കാണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് ഒരു ദിവസം അദ്ദേഹത്തിന്റെ ഫോൺ വന്നു.' ഇൻസെപക്ടർ സാഹിബ് അദ്ദേഹത്തോടു പറഞ്ഞു: 'താങ്കൾ അല്ലാഹുവിൽ ഭരമേല്പിക്കുക. രണ്ടു റക്അത്ത് നമസ്കരിച്ച് കിടന്നുറങ്ങുക.' പറയുന്നു: 'അല്പംകഴിഞ്ഞ് ഫോൺ വന്നു. തനിക്കുവേണ്ടി അല്പം ഉണർന്നിരിക്കാൻ അദ്ദേഹം പറഞ്ഞു. താങ്കളെ കാണാൻ താൻ വരികയാണെന്നും പറഞ്ഞു.' അദ്ദേഹം വന്നപ്പോൾ ഒരു വലിയ തുക അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, 'ഞാൻ ദുആ ചെയ്യുകയായിരുന്നപ്പോൾ വലിയൊരു വ്യാപാരിയുടെ ഫോൺ വന്നു. അദ്ദേഹം എനിക്ക് വലിയൊരു തുക തരാനുണ്ടായിരുന്നു. അതുകിട്ടുമെന്നുള്ള ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. പെട്ടന്ന് വന്ന് തുക കൊണ്ടുപൊയ്ക്കൊള്ളാൻ അദ്ദേഹം എനിക്ക് ഫോൺ ചെയ്തു. അദ്ദേഹം പറയുന്നു, ചന്ദകൊടുക്കുക എന്നതായിരുന്നു എന്റെ നിയ്യത്ത്. അതുകൊണ്ട് അല്ലാഹു ഉടനെ ഈ ഏർപാട് ചെയതുതന്നു.'

ഇപ്രകാരംതന്നെ ഖാദിയാനിലെ നായിബ് വക്കീലുൽമാൽ ബശീറുദ്ദീൻ സാഹിബ് പറയുന്നു: "ജമാഅത്തിലെ ഒരു മുഖ്‌ലിസ് സ്നേഹിതൻ രണ്ടര ഇരട്ടി വർധനവോടെ തന്റെ വാഗ്ദാനം എഴുതിച്ചു. എന്നിട്ട് അദ്ദേഹം തന്റെ ഓഫീസിലേക്ക് പോയി. അവിടെ ച്ചെന്ന് കുറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം സെക്രട്ടറി സാഹിബിനെ ഫോണിൽ വിളിച്ചു പറഞ്ഞു: വാഗ്ദാനമെഴുതി പള്ളിയിൽനിന്നിറങ്ങിയ ഉടനെ എനിക്ക് എന്റെ ജോലിയിൽ കൂടുതൽ ലാഭം കിട്ടിയതായി വിവരം ലഭിച്ചു. ഈ കൂടുതലുണ്ടായ ലാഭം തീർച്ചയായും അല്ലാഹുവിന്റെ പ്രത്യേക ഫള്‌ലും തഹ്‌രീക്കെ ജദീദിന്റെ ബർക്കത്തുമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് താങ്കൾ എന്റെ വാഗ്ദാനം ഇരട്ടിയാക്കിക്കൊള്ളുക. രണ്ടര ഇരട്ടി ആദ്യം അദ്ദേഹം കൂട്ടിയതാണ്. ഇപ്പോൾ അതും ഇരട്ടിയാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഴുവൻ തുകയും അടച്ചു തീർക്കുകയും ചെയ്തു. ഈ വർഷവും അസാധാരണ വർധനവോടെ അടച്ചു കഴിഞ്ഞിരിക്കുന്നു.അദ്ദേഹം പറയുന്നു: ഏഴു വർഷം മുമ്പേ മുപ്പതിനായിരം രൂപയുടെ മൂലധനത്തിലും വെറും മൂന്നു ജോലിക്കാരേയും കൂട്ടി തുടങ്ങിയതാണ് ഈ തൊഴിൽ. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഇന്ത്യയിലും ദുബായിലും ഇന്തോനേഷ്യയിലും റബ്ബർവുഡ് ഫർണീച്ചറിന്റെ എട്ട് ഫാക്ടറികളുണ്ട്. ഇതിൽ അഞ്ഞൂറിലധികം തൊഴിലാളികൾ പണിയെടുക്കുന്നു. ചന്ദ തോതനുസരിച്ച് നല്കുന്നതിന്റെ അനുഗ്രഹമൊന്നു മാത്രമാണ് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ഈ അഭിവൃദ്ധി. അദ്ദേഹം പറയുന്നു: ഞാൻ ചന്ദ കൊടുക്കുമ്പോഴെല്ലാം അല്ലാഹു എനിക്ക് വൈകുന്നേരത്തിനുള്ളിൽ അതിനെക്കാൾ എത്രയോ അധികം നല്കുന്നു. ഞാൻ ഒരിക്കലും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചിട്ടില്ല.'

ലാഹോർ അമീർ സാഹിബ് എഴുതുന്നു: ഇപ്രകാരംതന്നെ നമ്മുടെ സ്ത്രീകളും എങ്ങനെയാണ് ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. ഈ സ്ത്രി തന്റെ കാതുകളിലുണ്ടായിരുന്ന കമ്മലുകൾ തഹ്‌രീക്കെ ജദീദിൽ ചന്ദയായി നല്കി. അല്ലാഹു അവരുടെ ധനത്തിലും ബർക്കത്ത് നല്കുമാറാകട്ടെ. അവരുടെ ത്യാഗം സ്വീകരിക്കുമാറാകട്ടെ.

ജർമനി ജമാഅത്തിന്റെ തഹ്‌രീക്കെ ജദീദ് നാഷണൽ സെക്രട്ടറി പറയുന്നു:കടക്കാരനായ ഒരു സ്നേഹിതന്റെ സംഭവമാണ് എഴുതിയിരിക്കുന്നത്. അദ്ദേഹം തഹ്‌രീക്കെ ജദീദിൽ പ്രത്യേക വാഗ്ദാനം ചെയ്തു. അല്ലാഹു എത്രമാത്രം വർധനവ് നല്കിയെന്നാൽ അദ്ദേഹം കടവും വീട്ടി പുതിയ വീട് വാങ്ങാൻ തൗഫീഖും കിട്ടി. ബാഹ്യമായി നോക്കുമ്പോൾ അദ്ദേഹത്തിനിത് അസംഭാവ്യമായിരുന്നു.

സ്വിറ്റ്സർലാന്റിൽനിന്ന് മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: നമ്മുടെ ഒരു ഹയ്തം റേഡ്സ് സാഹിബുണ്ട്. കഴിഞ്ഞ ഒക്ടോബറിലാണ് അദ്ദഹം ബയ്അത്ത് ചെയ്തത്. തഹ്‌രീക്കെ ജദീദിന്റെ വർഷം അവസാനിക്കാൻ വെറും അഞ്ച് ദിവസം ബാക്കിയുണ്ടായിരുന്നു.അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ഉടനെ അദ്ദേഹം ആയിരം സ്വിസ് ഫ്രാങ്കിന്റെ വലിയൊരു തുക വാഗ്ദാനമൊന്നും എഴുതിക്കാതെ തഹ്‌രീക്കെ ജദീദിൽ കൊടുത്തു. അടുത്ത വർഷത്തെ വാഗ്ദാനവും ആയിരം ഫ്രാങ്ക് എഴുതിച്ചു. പിന്നീട് നടപ്പുവർഷം അദ്ദേഹം സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യം അറിഞ്ഞപ്പോൾ തന്റെ വാഗ്ദാനം ഇരട്ടിയാക്കി. തഹ്‌രീക്കെ ജദീദിനോടൊപ്പം വഖ്ഫെ ജദീദിന്റേയും രണ്ടായിരം ഫ്രാങ്ക് വാഗ്ദാനം എഴുതിച്ചു. അദ്ദേഹം ജോലി ചെയ്യുന്ന കമ്പനിക്കാർ അദ്ദേഹത്തിന് ഒരു കോഴ്സ് ഓഫർ നല്കി. അത് വളരെ ചെലവുള്ളതായിരുന്നു. ആ കമ്പനിക്കാർ പൊതുവെ പരിചയ സമ്പന്നരായ തൊഴിലാളികളെക്കൊണ്ടാണ് കോഴ്സ് ചെയ്യിക്കാറുള്ളത്. മുപ്പത്തിയഞ്ച് വയസ്സിനുമേൽ പ്രായവും ഉണ്ടാകണം. അദ്ദേഹം പറയുന്നു: എന്റെ പ്രായം 23 വയസ്സാണ്. ഞാൻ കോഴ്സിനെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ല. പക്ഷേ, അവർ സ്വയം എന്നെക്കൊണ്ട് കോഴ്സ് ചെയ്യിക്കാനുള്ള ഓഫർ ചെയ്യുകയായിരുന്നു. തീർച്ചയായും ഇത് സാമ്പത്തിക ത്യാഗത്തിന് അല്ലാഹു എനിക്കു നല്കിയ അനുഗ്രഹഫലമാണ്.' യൂറോപ്പിൽനിന്ന് പുതിയതായി ജമാഅത്തിൽ വരുന്നവർക്കും അല്ലാഹു ഇപ്രകാരം തന്റെ അസ്തിത്വത്തിനുള്ള ദൃഢവിശ്വാസം നല്കുന്നു.

ഒരു മഖ്ദൂനീൻ സ്വിസ് അഹ്മദി ബെക്ഹം സാഹിബുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ ജോലി ചെയ്യുന്ന കമ്പനിയുടെ ഉടമസ്ഥൻ പിശുക്കനും ഇടുങ്ങിയ ചിന്താഗതിക്കാരനുമാണ്. ബാഹ്യമായ ഒരു കാരണവും കൂടാതെ അദ്ദേഹം എന്റെ ശംബളം വർധിപ്പിച്ചു. ഞാൻ മനസ്സിലാക്കുന്നത് ഇത് വെറും സാമ്പത്തിക ത്യാഗത്തിന്റെ ഫലമാണെന്നാണ്.'

ലണ്ടനിലെ റീജ്യണൽ അമീർ നസീറുദ്ദീൻ സാഹിബ് ഒരു സ്നേഹിതന്റെ സംഭവം എഴുതുന്നു: ഒരു അഹ്മദീ സ്നേഹിതൻ പറഞ്ഞു, തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കുന്ന കാര്യത്തിൽ എന്നെ സഹായിക്കാൻ അല്ലാഹുവിനോട് ഞാൻ ഒരുപാട് ദുആ ചെയ്തു. അപ്പോൾ അല്ലാഹു എന്റെ മനസ്സിൽ തോന്നിച്ചു. ഓഫീസിലേക്ക് ട്രെയിനിൽ പോകുന്നതിനു പകരം ബസ്സിൽ പോകുക. ഇപ്രകാരം എനിക്ക് സൗജന്യമായി യാത്ര ചെയ്യാൻ അവസരം കിട്ടുന്നതാണ്. പണം മിച്ചമുണ്ടാകുകയും ചെയ്യും. അങ്ങനെ ഓരോ ദിവസവും രണ്ടു പൗണ്ടു വീതം മിച്ചമാകാൻ തുടങ്ങി. അങ്ങനെ വർഷം കഴിഞ്ഞു. മൊത്തം 400പൗണ്ട് മിച്ചം കിട്ടി.

അത് തഹ്‌രീക്കെ ജദീദിൽ കൊടുത്തു.' ഇങ്ങനേയും ആളുകൾ ചിന്തിക്കാറുണ്ട്.

ഒരു സാഹിബിന്റെ വീട് കൊള്ളയടിക്കപ്പെട്ടു. വീട്ടിലുണ്ടായിരുന്നതെല്ലാം കൊള്ളക്കാർ എടുത്തുകൊണ്ടു പോയി. ഇവിടെ ലണ്ടനിൽതന്നെയാണ് സംഭവം. എന്നാൽ, ആയിരംപൗണ്ട് തഹ്‌രീക്കെ ജദീദിൽ കൊടുക്കാൻ അദ്ദേഹം എടുത്ത് മാറ്റി വെച്ചിരുന്നു. അത് അവരുടെ കൈയിൽപ്പെട്ടില്ല.

ഇപ്രകാരം ആസ്‌ട്രേലിയായിലെ മിഷണറി ഇൻചാർജ് എഴുതുന്നു: കഴിഞ്ഞ ദിവസം മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ഇജ്‌തിമ ആയിരുന്നു. അവിടെ ഞാൻ ഖുദ്ദാമിനോടും അത്ഫാലിനോടും തഹ്‌രീക്കെ ജദീദ് ചന്ദയെ കുറിച്ച് പറഞ്ഞു. അവിടെ കാഷ് അവാർഡാണ് സമ്മാനമായി നല്കുന്നത്. എടുത്ത് പറയത്തക്ക മൂന്ന് അത്ഫാൽ അതായത് ഇർസലാൻ, ആതിഫ്, കാമ്‌റാൻ. അവർക്ക് 89 ഡോളർ സമ്മാനം കിട്ടി. അദ്ദേഹം പറയുന്നു: എന്റെ വിളംബരത്തിനുശേഷം ഈ മൂന്നു പേരും തങ്ങളുടെ പോക്കറ്റ് മണിയിൽനിന്ന് പതിനൊന്നു രൂപകൂടി കൂട്ടി 100 ഡോളറാക്കി തഹ്‌രീക്കെ ജദീദിൽ ചന്ദ കൊടുത്തു.

ഇത് ഒരുപാട് സംഭവങ്ങളിൽനിന്ന് ചിലതാണ് ഞാൻ പറഞ്ഞത്. പഴയ അഹ്‌മദികൾ മാത്രമല്ല ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നത്. ജമാഅത്തിലേക്ക് വരുന്ന നവഅഹ്‌മദികളും ഞാൻ പറഞ്ഞതുപോലെ ആഫ്രിക്കയിലും യൂറോപ്പിലും കുട്ടികളും സ്ത്രീകളും അത്ഭുതകരമായ നിലയിലാണ് ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഒരുകാര്യം നാം ഓർക്കണം, തീർച്ചയായും ചന്ദ ആമിനാണ് മുൻഗണനയുള്ളത്. വരുമാനമുള്ള എല്ലാവരും ഇത് നല്കേണ്ടതാണ്. ഇതിനുശേഷം കഴിവനുസരിച്ച് തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ് അല്ലെങ്കിൽ മറ്റു പദ്ധതികളിൽ ചന്ദ കൊടുക്കുക.

തഹ്‌രീക്കെ ജദീദിന്റെ വർഷം നവംബറിലാണ് ആരംഭിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ ഞാൻ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടും പുതിയ വർഷത്തിന്റെ വിളംബരവും ചെയ്യുന്നതാണ്. 2014 ഒക്ടോബർ 31 ന് തഹ്‌രീക്കെ ജദീദിന്റെ 80-ാമത് വർഷം അവസാനിച്ചു. റിപ്പോർട്ടനുസരിച്ച് ഈ വർഷം എൺപത്തി നാല് ലക്ഷത്തി അറുപതിനായിരത്തി എണ്ണൂറു പൗണ്ടിന്റെ സാമ്പത്തിക ത്യാഗമാണ് ജമാഅത്ത് നല്കിയത്. اَلْحَمْدُلِلّٰہِ ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആറുലക്ഷത്തി ഒരായിരത്തിൽ കുറച്ച് അധികമാണ്. പാക്കിസ്ഥാൻ തങ്ങളുടെ അവസ്ഥകൾ പ്രതികൂലമായിട്ടും ഇപ്രാവശ്യം ഒന്നാം സ്ഥാനത്താണ്. പാക്കിസ്ഥാനു പുറമെ വിദേശത്തുള്ള 10 ജമാഅത്തുകളിൽ ജർമനിയാ ണ് ഒന്നാം സ്ഥാനത്തുള്ളത്. ബ്രിട്ടൺ രണ്ടാം സ്ഥാനത്താണ്. കഴിഞ്ഞ വർഷം ഇവർ മൂന്നാം സ്ഥാനത്തായിരുന്നു. ഇപ്പോൾ രണ്ടാം സ്ഥാനത്തെത്തി. അമേരിക്ക മൂന്നാം സ്ഥാനത്തും കാനഡ നാലാം സ്ഥാനത്തും ഇന്ത്യ അഞ്ചാം സ്ഥാനത്തും ആസ്‌ട്രേലിയ ആറാം സ്ഥാനത്തും ഇന്തോനേഷ്യ ഏഴാം സ്ഥാനത്തും നില്ക്കുന്നു. (ആസ്‌ട്രേലിയായും ഒരു സ്ഥാനം മുമ്പിലെത്തിയിരിക്കുന്നു. ഇന്തോനേഷ്യാ ഒരു സ്ഥാനം പിന്നിലേക്ക് പോയിരിക്കുന്നു.) ഇതിനു പുറമെ മധ്യപൂർവദേശത്തെ ചില ജമാഅത്തുകളുണ്ട്; രണ്ടു ജമാഅത്തുകൾ. പിന്നീടുള്ളത് സ്വിറ്റ്സർലാന്റും ഘാനയും നൈജീരിയായുമാണ്. കറൻസിയുടെ അടിസ്ഥാനത്തിൽ പിരിവിൽ വർധനവു വരുത്തിയിട്ടുള്ള ആദ്യത്തെ പത്തു ജമാഅത്തുകൾ. ഒന്നാം സ്ഥാനം ഘാന. ഏകദേശം 50% അവർ വർധനവുണ്ടാക്കിയിരിക്കുന്നു. തദ്ദേശ കറൻസിയുടെ അടിസ്ഥാനത്തിൽ ആസ്‌ട്രേലിയ രണ്ടാം സ്ഥാനത്താണുള്ളത്. അവർ 46% വർധനവുണ്ടാക്കിയിരിക്കുന്നു. പിന്നീട് കുറച്ചുള്ളത് മധ്യപൂർദേശത്തെ ചില ജമാഅത്തുകളാണ്. സ്വിറ്റസർലന്റ് 17%, പാക്കിസ്ഥാൻ 14%, യു.കെ. 13% ഇന്തോനേഷ്യ ഏകദേശം 13.75 % വർധനവുണ്ടാക്കിയിട്ടുണ്ട്. അതുകഴിഞ്ഞാൽ ഭാരതവും ജർമനിയും സമമാണ്. കാനഡ ഈ 10 ജമാഅത്തുകളിൽ അവസാനസ്ഥാനത്താണുളളത്. ആളോഹരി ചന്ദ അടച്ചുതീർത്തതിന്റെ അടിസ്ഥാനത്തിലുള്ള ആദ്യത്തെ 10 ജമാഅത്തുകളിൽ അമേരിക്കയാണ് ഒന്നാം സ്ഥാനത്തുള്ളത്. സ്വിറ്റ്സർലന്റ് രണ്ടാം സ്ഥാനത്തും ആസ്‌ട്രേലിയ മൂന്നാം സ്ഥാനത്തും നില്ക്കുന്നു. തഹ്‌രീക്കെ ജദീദിലേയും വഖ്ഫെ ജദീദിലേയും അംഗസംഖ്യയിൽ വർധനവുണ്ടാക്കണമെന്ന് കഴിഞ്ഞ രണ്ടു മൂന്നു വർഷമായി ഞാൻ പറഞ്ഞു വരുന്നതാണ്. തുകയിൽ വർധനവുണ്ടാകുന്നുണ്ടോ എന്ന് നോക്കേണ്ടതില്ലെന്നും പറഞ്ഞിരുന്നു. ആത്മാർഥരായവരുടെ എണ്ണത്തിൽ വർധനവുണ്ടാകേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം മൊത്തം അംഗസംഖ്യ പന്ത്രണ്ട് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറായിരിക്കുന്നു. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ഏകദേശം ആറു ലക്ഷത്തിന്റെ വർധനവാണുണ്ടായിട്ടുള്ളത്. അതായത് പുതിയതായി ഇതിൽ അംഗമായിട്ടുള്ളവർ.

ദഫ്ത്തർ ഔവ്വലിന്റെ രജിസ്റ്ററിലുള്ളത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ 5927 അംഗങ്ങളാണ്. ഇതിൽ ഓഫീസ് റെക്കാഡ് പ്രകാരം 105 ആളുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവിച്ചിരിക്കുന്നു. വഫാത്തായ 5822 പേരുടെ ചന്ദകൾ അവരുടെ അനന്തരാവകാശികളോ ജമാഅത്തിലെ മറ്റു മുഖ്‌ലിസീംകളോ കൊടുത്തുകൊണ്ട് പോകുന്നു. ആദ്യത്തെ 10 സ്ഥാനത്തുവന്ന ഇന്ത്യയിലെ സംസ്ഥാനങ്ങൾ ഇവയാണ്. കേരളം ഒന്നാം സ്ഥാനം. തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, ജമ്മു കശ്മീർ, ഒഡീശ, ബംഗാൾ, പഞ്ചാബ്, ഡൽഹി, ലക്ഷദ്വീപ്. പത്തു ജമാഅത്തുകൾ ഇവയാണ്. ഒന്നാം സ്ഥാനം കരുളായ്, രണ്ടാം സ്ഥാനം കോഴിക്കോട്, പിന്നീട് ഹൈദരാബാദ്, ഖാദിയാൻ, കണ്ണൂർടൗൺ, പഴയങ്ങാടി, സൂളൂർ, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ. അല്ലാഹു ഇവരുടെയെല്ലാം സാമ്പത്തികമായ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ. അവരുടെ ധനത്തിലും പ്രാണനിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഈ ധനം ശരിയായ നിലയിൽ വിനിയോഗിക്കാൻ ജമാഅത്തീ നിസാമിന് അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഘാനയിലെ നമ്മുടെ പ്രാദേശിക മുഅല്ലിമും മുബല്ലിഗുമായ അൽഹാജ് യൂസുഫ് ഏഡോസി സാഹിബിന്റെ ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. നവംബർ 2 രാത്രി 11.45 ന് കമാസിയിൽവെച്ച് അദ്ദേഹം വഫാത്തായി. اِنَّالِلّٰہِ وَاِنَّآ اِلَیْہِ رٰجِعُوْنَ. 1942 ഡിസംബർ 15 ന് ഒരു ക്രൈസ്തവ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. 16-ാം വയസ്സിൽ അഹ്‌മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് കിട്ടി. 20-ാം വയസ്സിൽ ഘാനയിലെ ജാമിഅത്തുൽ മുബശ്ശിരീനിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. ഹുദൂർ അദ്ദേഹത്തെക്കുറിച്ച് വിശദമായി സ്മരിക്കുകയുണ്ടായി. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളേയും ആത്മാർഥതയിലും കൂറിലും വളർത്തുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 07.11.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To